**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2106** **16-03-2022 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ സച്ചാർ/പാലോളി കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കിയ സ്കോളർഷിപ്പ് പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ സച്ചാർ/പാലോളി കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കിയ സ്കോളർഷിപ്പ് പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു |
| (ബി) | ആയത് പ്രകാരം 2021 -22 വർഷത്തിൽ വിവിധ സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകരുടെ എണ്ണം, സ്കോളർഷിപ്പ് അനുവദിച്ചവരുടെ എണ്ണം എന്നിവ സമുദായം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | 2021-2022 വർഷത്തിലെ വിവിധ സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | സ്കോളർഷിപ്പിനായി 2020-21, 2021-22 എന്നീ വർഷങ്ങളിൽ നീക്കിവെച്ച തുക എത്രയാണെന്നും അധിക തുക നീക്കിവെച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (സി) | 2020-21, 2021-22 വർഷങ്ങളിൽ സ്കോളർഷിപ്പുകൾക്കായി നീക്കി വെച്ചതും അധികമായി അനുവദിച്ചതും ആയ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു. |
| (ഡി) | സ്കോളർഷിപ്പ് വിഹിതം സമുദായം തിരിച്ചുള്ള അനുപാതം തയാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ സമുദായങ്ങൾക്കുമുള്ള അനുപാതം എത്ര ശതമാനം വീതമെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | ഉണ്ട്. 16.07.2021- ാം തീയതിയിലെ സ.ഉ(കൈ) നമ്പർ 135/2021/പൊഭവ ഉത്തരവ് പ്രകാരം, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകി വരുന്ന സ്കോളർഷിപ്പുകളുടെ അനുപാതം 2011– ലെ സെൻസസ് പ്രകാരം ജനസംഖ്യാ അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളായ ക്രിസ്ത്യൻ(18.38%),മുസ്ലീം(26.56%), ബുദ്ധ (0.01%), ജൈന (0.01%), സിഖ് (0.01%), പാഴ്സി(0.01%) എന്നിവർക്ക് നൽകുന്നതിനും ഒരു വിഭാഗത്തിനും ആനുകൂല്യം നഷ്ടപ്പെടാതെ ജനസംഖ്യാനുപാതത്തിൽ അനുവദിക്കാനും മേൽപ്പറഞ്ഞ ന്യൂനപക്ഷ സമുദായത്തിൽ നിന്നും അർഹരായ അപേക്ഷകർ ഉള്ള പക്ഷം, നിലവിൽ ആനുകൂല്യങ്ങൾ ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന തുകയിലോ ആനുകൂല്യം ലഭിക്കുന്ന എണ്ണത്തിലോ കുറവുണ്ടാകരുത് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

**സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ സച്ചാർ/പാലോളി കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ**

1. **പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്**

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി/പ്ലസ്ടു/ വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്ക് 10,000/ രൂപയും, ബിരുദത്തിന് 80%-മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടി വിജയിച്ചവർക്ക് 15,000/- രൂപയും സ്കോളർഷിപ്പ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും

2. **ചാർട്ടേർഡ് അക്കൗണ്ടൻസി / കോസ്റ്റ് & മാനേജ്മെൻറ് അക്കൗണ്ടിങ്/ കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.**

ഫൈനൽ, ഇന്റർമീഡിയേറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 15,000/ രൂപ വീതമാണ് സ്കോളർഷിപ്പ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും.

3. **സ്വകാര്യ ഐ.റ്റി.ഐ – കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ- റീ ഇംബേഴ്സ്മെന്റ് സ്കീം**

രണ്ട് വർഷം/ഒരു വർഷം കോഴ്സുകൾക്ക് യഥാക്രമം 20,000/- രൂപ 10,000/- രൂപ എന്ന തോതിലാണ് സാമ്പത്തിക സഹായം നൽകുന്നത് ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം **8** ലക്ഷം രൂപ വരെയുള്ള വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. **10%** പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

## 4. എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്

സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ പോളി ടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം **6000/-**രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം **8** ലക്ഷം രൂപ വരെയുള്ള വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. **10%** പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

## 5. മദർ തെരേസ സ്കോളർഷിപ്പ്

പൊതു പ്രവേശന പരീക്ഷയെഴുതി കേരളത്തിലെ നേഴ്സിംങ് കോളേജ്/മെഡിക്കൽ കോളേജുകളിൽ നേഴ്സിംങ് ഡിപ്ലോമ/ പാരാ മെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000/ രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് നേടിയവരും ആയിരിക്കണം ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള വിഭാഗത്തിൽപ്പെട്ടവരെയും പരിഗണിക്കും. ഇതിൽ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

## 6. സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **5000/-** രൂപ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **6000/-** രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **7000/-** രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപ്പന്റ് ഇനത്തിൽ **13000/-** രൂപ വീതവും പ്രതിവർഷം നൽകുന്നു. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം **8** ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നു.

**7. ഇബ്രാഹീം സുലൈമാൻ സേട്ട് ഉറുദു ക്യാഷ് അവാർഡ്**

ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കും ഉറുദു രണ്ടാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ഒരു വിദ്യാർത്ഥിക്ക് 1000/ രൂപാ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു. ടി സ്കോളർഷിപ്പ് അപേക്ഷിക്കുന്ന എല്ലാ വിഭാഗക്കാർക്കും നൽകി വരുന്നു.

**8. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി**

സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീ/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് പദ്ധതിയാണിത്. ഒരു ഉദ്യോഗാർത്ഥിക്ക് കോഴ്സ് ഫീ ഇനത്തിൽ 20,000/- രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000/- രൂപയും പരമാവധി നൽകും.

**9. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്**

ഉന്നത പഠന നിലവാരം പുലർത്തുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ എഞ്ചിനീയറിംഗ് / പ്യൂവർ സയൻസ്/ അഗ്രികൾച്ചർ / സോഷ്യൽ സയൻസ്/നിയമം/മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ Under Graduate/ Post Graduate/Ph.D കോഴ്സുകൾക്ക് ഉപരിപഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് പദ്ധതിയാണിത്. പരമാവധി 10,00,000/- രൂപയാണ് സ്കോളർഷിപ്പ് തുക. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നു.

**10. പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.റ്റി**

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ എന്ന സ്ഥാപനത്തിൽ പി.ജി. ഡിപ്ലോമ ഇൻ ജി.എസ്.റ്റി കോഴ്സിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പദ്ധതിയാണിത്. **15,000/-** രൂപയാണ് സ്കോളർഷിപ്പ് തുക. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നു.

**സെക്ഷൻ ഓഫീസർ**

## 2021 -22 വർഷത്തിൽ വിവിധ സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകരുടെ എണ്ണം, സ്കോളർഷിപ്പ് അനുവദിച്ചവരുടെ എണ്ണം എന്നിവ സമുദായം തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നം | സ്കോളർഷിപ്പിന്റെ പേര് | (മുസ്ലീം) | | | (ക്രിസ്ത്യൻ) | | | മറ്റു വിഭാഗങ്ങളുടെ എണ്ണം (സിഖ്, ബുദ്ധ, ജൈന, പാഴ്സി) |
|---|---|---|---|---|---|---|---|---|
| | | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപന മേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | അപേക്ഷിച്ചവരുടെ എണ്ണം | സ്ഥാപന മേധാവികൾ അംഗീകരിച്ച അപേക്ഷകൾ | അനുവദിച്ചവരുടെ എണ്ണം | |
| 1 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (എസ്.എസ്.എൽ.സി/പ്ലസ്. ടു) | 24764 | 22782 | 2070 | 13084 | 11534 | 1433 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 2 വിദ്യാർത്ഥികളും, ജൈന മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥികളും അപേക്ഷിച്ചിട്ടുണ്ട്. രണ്ട് മത വിഭാഗത്തിൽ നിന്നും ജനസംഖ്യാനുപാതികമായി ഓരോ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| | പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (യു.ജി/പി.ജി)) | 965 | 859 | 479 | 638 | 476 | 331 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥിയും, ജൈന മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥിയും അപേക്ഷിച്ചിട്ടുണ്ട്. ജനസംഖ്യാനുപാതികമായി ടി സ്കോളർഷിപ്പിന് ഓരോ വിഭാഗത്തിന് ഒരു വിദ്യാർത്ഥിയ്ക്കു മാത്രമേ അർഹതയുള്ളൂ. അത് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | എസ്.എസ്.എൽ.സി വിദ്യാർത്ഥിയ്ക്ക് നൽകിയിട്ടുണ്ട്. |
| 2 | സി.എ/ ഐ.സി.ഡബ്ല്യു.എ/ സി.എസ് സ്കോളർഷിപ്പ് | 655 | 402 | 126 | 430 | 261 | 86 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥികൾ അപേക്ഷിച്ചിട്ടുണ്ടെങ്കിലും ടി വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവികൾ അപ്രൂവൽ നൽകിയിട്ടില്ല |
| 3 | പ്രൈവറ്റ് ഐ.റ്റി.ഐ- ഫീ റീ- ഇംമ്പേഴ്സ് മെൻറ് സ്കീം | 3435 | 2879 | 2102 | 1276 | 1003 | 994 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥി അപേക്ഷിച്ചിട്ടുണ്ടെങ്കിലും ടി വിദ്യാർത്ഥിയ്ക്ക് സ്ഥാപനമേധാവി അപ്രൂവൽ നൽകിയിട്ടില്ല. |
| 4 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്) | 9689 | 8127 | പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | 853 | 587 | പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥിയും, സിഖ് മത വിഭാഗത്തിൽ നിന്നും 1 വിദ്യാർത്ഥിയും അപേക്ഷിച്ചിട്ടുണ്ട്. |
| | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) | 5609 | 5220 | 5220 | 212 | 192 | 192 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല. |
| 5 | സിവിൽ സർവ്വീസ് ഫീ-റീ ഇംമ്പേഴ്സ്മെൻറ് സ്കീം | 36 | 32 | 32 | 28 | 21 | 21 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | ഉർദ്ദു സ്കോളർഷിപ്പ് | 551 | 375 | പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | 6 | 4 | പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | ടി സ്കോളർഷിപ്പ് എല്ലാ മത വിഭാഗങ്ങൾക്കും നൽകുന്നു. ഹിന്ദു മത വിഭാഗത്തിൽ നിന്നും 5 വിദ്യാർത്ഥികളും അപേക്ഷിച്ചിട്ടുണ്ട്. |
| 7 | മദർതേരേസ സ്കോളർഷിപ്പ് | 463 | 395 | 262 | 217 | 132 | 124 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 8 | എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് | 1138 | 728 | 693 | 564 | 344 | 327 | ടി സ്കോളർഷിപ്പിന് ബുദ്ധ മത വിഭാഗത്തിൽ നിന്നും 3 വിദ്യാർത്ഥികൾ അപേക്ഷിച്ചിട്ടുണ്ടെങ്കിലും ടി വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവികൾ വെരിഫിക്കേഷനും അപ്രൂവലും നൽകിയിട്ടില്ല |
| 9 | പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.ടി | 37 | 8 | 8 | 16 | 10 | 10 | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |
| 10 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | 50 | പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | | 234 | പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | | അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല |

**സെക്ഷൻ ഓഫീസർ**

അനുബന്ധം 3

<u>2020-21, 2021-22 വർഷങ്ങളിൽ സ്കോളർഷിപ്പുകൾക്കായി നീക്കി വെച്ചതും അധികമായി അനുവദിച്ചതും ആയ തുക സംബന്ധിച്ച വിവരങ്ങൾ</u>

<table>
<tr><th>ക്രമ നം</th><th>സ്കോളർഷിപ്പിന്റെ പേര്</th><th>2020-21 വർഷത്തിൽ നീക്കിവെച്ച തുക (ലക്ഷത്തിൽ)</th><th>2021-22 വർഷത്തിൽ നീക്കിവെച്ച തുക (ലക്ഷത്തിൽ)</th><th>2021-22 വർഷത്തിൽ അധികമായി ലഭിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ/പുതിയത്)</td><td>800</td><td>800</td><td>285</td></tr>
<tr><td rowspan="2">2</td><td>സി.എ/ഐ.സി.ഡബ്ല്യൂ.എ/ സി.എസ് സ്കോളർഷിപ്പ്</td><td>45</td><td rowspan="2">45</td><td rowspan="2">17</td></tr>
<tr><td>പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.ടി</td><td>ആരംഭിച്ചിട്ടില്ല</td></tr>
<tr><td rowspan="3">3</td><td>പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് (എസ്.എസ്.എൽ.സി/ പ്ലസ് ടു, യു.ജി/പി.ജി)</td><td rowspan="2">330</td><td rowspan="3">480</td><td rowspan="3">172</td></tr>
<tr><td>സിവിൽ സർവ്വീസ് ഫീ-റീ ഇംമ്പേഴ്സ്മെൻറ് സ്കീം</td></tr>
<tr><td>വിദേശ പഠനത്തിനുളള സ്കോളർഷിപ്പ്</td><td>ആരംഭിച്ചിട്ടില്ല</td></tr>
<tr><td>4</td><td>മദർതേരേസ സ്കോളർഷിപ്പ്</td><td>50</td><td>50</td><td>18</td></tr>
<tr><td>5</td><td>എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ്</td><td>60</td><td>60</td><td>22</td></tr>
<tr><td>6</td><td>പ്രൈവറ്റ് ഐ.റ്റി.ഐ- ഫീ റീ- ഇംമ്പേഴ്സ് മെൻറ് സ്കീം</td><td>296</td><td>296</td><td>106</td></tr>
<tr><td>7</td><td>ഉർദു സ്കോളർഷിപ്പ്</td><td>5</td><td>25.14</td><td>0</td></tr>
</table>

സെക്ഷൻ ഓഫീസർ